**005/2026-M**

| | | | |
|---|---|---|---|
| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | |

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 1 മണിക്കൂർ 30 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 005/2026-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. താഴെ കൊടുത്തിരിക്കുന്നവയിൽ ചട്ടമ്പിസ്വാമികളുടെ കൃതികൾ ഏതെല്ലാം?
   (i) ആത്മോപദേശ ശതകം ആദിഭാഷ
   (ii) പ്രാചീനമലയാളം, ആദി ഭാഷ
   (iii) വേദാധികാരനിരൂപണം, അഖില തിരുട്ട്

   (A) (i) മാത്രം (B) (i) ഉം (iii) ഉം
   (C) (ii) മാത്രം (D) (iii) മാത്രം

2. മലബാർ ജില്ലാ കോൺഗ്രസ്സിന്റെ പ്രഥമ സമ്മേളനം 1916ൽ പാലക്കാട് വച്ച് നടന്നപ്പോൾ അധ്യക്ഷത വഹിച്ചത് ആര്?
   (A) ജവഹർലാൽ നെഹ്റു (B) ആനി ബസന്റ്
   (C) കെ.പി. കേശവ മേനോൻ (D) ഇ. മൊയ്തു മൗലവി

3. ഇന്ത്യയുടെ നിലവിലെ വിദേശകാര്യ സെക്രട്ടറി ആര്?
   (A) വിക്രം മിസ്രി (B) കെ. ജയകുമാർ
   (C) ശശി തരൂർ (D) അമിതാഭ് കാന്ത്

4. 1904ൽ ഗാന്ധിജി ഡർബനിൽ നിന്നും ആരംഭിച്ച പത്രം ഏത്?
   (A) യങ്ങ് ഇന്ത്യ (B) നവജീവൻ
   (C) ഇന്ത്യൻ ഒപ്പീനിയൻ (D) സംവാദ് കൗമുദി

5. താഴെ കൊടുത്തിരിക്കുന്ന സംഭവങ്ങളെ അവ നടന്ന വർഷവുമായി ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| (i) | ബോസ്റ്റൺ ടീ പാർട്ടി | (a) | 1776 |
| (ii) | അമേരിക്കൻ കോൺടിനന്റൽ കോൺഗ്രസിന്റെ സ്വാതന്ത്ര്യ പ്രഖ്യാപനം | (b) | 1773 |
| (iii) | പാരീസ് ഉടമ്പടി | (c) | 1783 |
| (iv) | ടെന്നീസ് കോർട്ട് പ്രതിജ്ഞ | (d) | 1789 |

   (A) i-b, ii-a, iii-c, iv-d (B) i-c, ii-a, iii-d, iv-b
   (C) i-d, ii-a, iii-b, iv-c (D) i-b, ii-a, iii-d, iv-c

6. ഇന്ത്യ ഐക്യരാഷ്ട്ര സഭയിൽ അംഗമായതെപ്പോൾ?
   (A) 1945 ഒക്ടോബർ 30  (B) 1945 ഒക്ടോബർ 24
   (C) 1945 ജൂൺ 26  (D) 1945 ഫെബ്രുവരി 20

7. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ ആർച്ച് ബ്രിഡ്ജ് (റെയിൽവേ കമാനപാലം) ഏത് നദിക്ക് മുകളിലാണ്?
   (A) സത്ലജ്  (B) ചെനാബ്
   (C) രവി  (D) സിന്ധു

8. ഏറ്റവും കൂടുതൽ ജലബാഷ്പം അടങ്ങിയിരിക്കുന്ന അന്തരീക്ഷ മണ്ഡലം?
   (A) മിസോസ്ഫിയർ  (B) സ്ട്രാറ്റോസ്ഫിയർ
   (C) ട്രോപ്പോസ്ഫിയർ  (D) ഓസോൺ പാളി

9. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ദേശീയപാത ഏത്?
   (A) NH 44  (B) NH 19
   (C) NH 16  (D) NH 48

10. 'ദൊഡ്ഡബെട്ട' കൊടുമുടി സ്ഥിതിചെയ്യുന്ന പർവ്വതനിര :
   (A) ആനമല  (B) കാർഡമം കുന്നുകൾ
   (C) നീലഗിരി കുന്നുകൾ  (D) നല്ലമല കുന്നുകൾ

11. 'ഗോൾഡൻ ഫൈബർ' എന്നറിയപ്പെടുന്നത് :
   (A) സിൽക്ക്  (B) ചണം
   (C) പരുത്തി  (D) കമ്പിളി

12. ജോഗ് വെള്ളച്ചാട്ടം ഏത് നദിയിലാണ്?
   (A) കാവേരി  (B) തുംഗഭദ്ര
   (C) കൃഷ്ണ  (D) ശരാവതി

13. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ പഞ്ചവത്സര പദ്ധതികളുമായി ബന്ധപ്പെട്ട് ശരിയായവ ഏതൊക്കെ?
   I. സാമ്പത്തിക വളർച്ച, ആധുനികവൽക്കരണം, സ്വാശ്രയത്വം, സമത്വം എന്നിവ ലക്ഷ്യങ്ങളാണ്.
   II. ഒന്നാം പഞ്ചവത്സര പദ്ധതിയുടെ കാലയളവ് 1951 മുതൽ 1956 വരെയാണ്.
   III. ഇന്ത്യയിൽ തന്നെ നിർമ്മിക്കാൻ കഴിയുന്ന വസ്തുക്കളുടെ ഇറക്കുമതി ഒഴിവാക്കികൊണ്ടുള്ള സ്വാശ്രയത്വസമീപനത്തിനാണ് ആദ്യ ഏഴ് ഇന്ത്യൻ പഞ്ചവത്സര പദ്ധതികൾ പ്രാധാന്യം നൽകിയത്.

   (A) (II), (III) മാത്രം  (B) (I), (II) മാത്രം
   (C) (I), (II), (III) ശരിയാണ്  (D) (I), (III) മാത്രം

14. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ പി.സി. മഹലാനോബിസ് എന്ന ശാസ്ത്രജ്ഞനുമായി ബന്ധപ്പെട്ട് ശരിയായവ ഏതൊക്കെ?

I. കൽക്കട്ടയിൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും 'സാംഖ്യ' എന്ന ജേണൽ ആരംഭിക്കുകയും ചെയ്തു.

II. ഇന്ത്യൻ ആസൂത്രണത്തിന്റെ ശില്പി എന്ന് അറിയപ്പെടുന്നു.

III. പി.സി. മഹലാനോബിസിന്റെ വികസന ആസൂത്രണനയം രണ്ടാം പഞ്ചവത്സര പദ്ധതിയിലാണ് മുന്നോട്ട് വച്ചത്.

(A) (II), (III) മാത്രം
(B) (I), (II) മാത്രം
(C) (I), (III) മാത്രം
(D) (I), (II), (III) ശരിയാണ്

15. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ പുത്തൻ സാമ്പത്തിക നയവുമായി (New Economic Policy) ബന്ധപ്പെട്ട് ശരിയായവ ഏതൊക്കെ?

I. ലോകബാങ്കിന്റെയും IMF-ന്റെയും നിബന്ധനകൾ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പുത്തൻ സാമ്പത്തിക നയം പ്രഖ്യാപിക്കുകയും ചെയ്തു.

II. ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നിവ പുത്തൻ സാമ്പത്തിക നയത്തിന്റെ പ്രധാന ഭാഗങ്ങളാണ്.

III. പുത്തൻ സാമ്പത്തിക നയം ഇറക്കുമതി ബദൽ വ്യാപാരനയത്തിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയത്.

(A) (II), (III) മാത്രം
(B) (I), (II) മാത്രം
(C) (I), (II), (III) ശരിയാണ്
(D) (I), (III) മാത്രം

16. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ഇന്ത്യയിലെ സ്വകാര്യവൽക്കരണ നയവുമായി ബന്ധപ്പെട്ട് ശരിയായവ ഏതെല്ലാം?

I. ഒന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ സ്വകാര്യവൽക്കരണ നയത്തിന് പ്രാധാന്യം നൽകി.

II. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശം, നിർവഹണചുമതല എന്നിവയിൽ നിന്നും ഗവൺമെന്റ് പിൻവാങ്ങുക.

III. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ ഭാഗികമായി സ്വകാര്യമേഖലയ്ക്ക് വിൽക്കുക.

(A) (II), (III) മാത്രം
(B) (I), (II) മാത്രം
(C) (I), (II), (III) ശരിയാണ്
(D) (I), (III) മാത്രം

17. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്നവയിൽ യോജിക്കാത്ത പ്രസ്താവന ഏത്?

(A) 1955ൽ കാർവെ കമ്മിറ്റി ഗ്രാമവികസനത്തിൽ ചെറുകിട വ്യവസായങ്ങളുടെ സാധ്യത എടുത്തു പറയുന്നു.

(B) 1950ൽ പരമാവധി 5 ലക്ഷം രൂപ വരെ നിക്ഷേപം നടത്തിയ യൂണിറ്റുകളെയാണ് ചെറുകിട വ്യവസായ യൂണിറ്റുകളായി പരിഗണിച്ചത്.

(C) ചെറുകിട വ്യവസായങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

(D) ചെറുകിട വ്യവസായ മേഖലയുടെ പുരോഗതിയ്ക്കായി ഉയർന്ന എക്സൈസ് തീരുവയും ഉയർന്ന പലിശനിരക്കിലുള്ള ബാങ്ക് വായ്പയും ചെറുകിട വ്യവസായങ്ങൾക്ക് നൽകി.

18. താഴെ പറയുന്നവരിൽ ആർക്കാണ് 2024ൽ സാമ്പത്തിക ശാസ്ത്രത്തിന് നോബൽ പുരസ്കാരം ലഭിച്ചത്?

(A) ഫിലിപ്പ് അഗിയോൺ
(B) ജോയൽ മോകിർ
(C) ഡേവിഡ് ബേക്കർ
(D) സൈമൺ ജോൺസൺ

19. ഇന്ത്യൻ ഭരണഘടനയിൽ എത്രാമത്തെ ആർട്ടിക്കിൾ പ്രകാരമാണ് പിന്നോക്ക വിഭാഗങ്ങൾക്ക് അനുകൂലമായ സംരക്ഷിത വിവേചനം നൽകിയിരിക്കുന്നത്?

(A) ആർട്ടിക്കിൾ 16(6)
(B) ആർട്ടിക്കിൾ 15(1)
(C) ആർട്ടിക്കിൾ 16(4)
(D) ആർട്ടിക്കിൾ 17

20. താഴെ തന്നിരിക്കുന്നതിൽ റിട്ടുകളും ലക്ഷ്യങ്ങളുമാണ്. ഇവയിൽ തെറ്റായത് ഏത്?

(i) മാൻഡമസ് - ഒരു ഉദ്യോഗസ്ഥൻ നിയമപരമായ കർത്തവ്യം ചെയ്യാത്തപ്പോൾ.

(ii) കോവാറന്റോ - ഒരു വ്യക്തി അർഹതയില്ലാത്ത സ്ഥാനത്ത് ഇരിക്കുമ്പോൾ.

(iii) സെർഷ്യോറ്റി - ഒരു കീഴ്കോടതി അതിന്റെ അധികാര പരിധിക്കപ്പുറമുള്ള ഒരു കേസ് പരിഗണിക്കുമ്പോൾ.

(iv) ഹേബിയസ് കോർപ്പസ് - അനധികൃത തടങ്കലിനെതിരെ.

(A) (ii)
(B) (i)
(C) (iv)
(D) (iii)

21. ഭരണഘടനാ അസംബ്ലിയിൽ ഇവരിൽ ആരാണ് 'ലക്ഷ്യ പ്രമേയം' അവതരിപ്പിച്ചത്?

(A) ഡോ. ബി.ആർ. അംബേദ്കർ
(B) സർദാർ വല്ലഭ്ഭായ് പട്ടേൽ
(C) ജവഹർലാൽ നെഹ്റു
(D) ബി.എൻ. റാവു

22. ഇവയിൽ ദ്വിമണ്ഡല നിയമസഭകൾ ഉള്ള സംസ്ഥാനങ്ങൾ ഏതെല്ലാം?

(A) തമിഴ്നാട്, ആന്ധ്രാപ്രദേശ്
(B) ഗുജറാത്ത്, ബീഹാർ
(C) ഉത്തർപ്രദേശ്, തെലുങ്കാന
(D) മഹാരാഷ്ട്ര, ഡൽഹി

23. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ അംഗീകാരം ശുപാർശ ചെയ്ത കമ്മിറ്റി ഏതാണ്?

(A) ബൽവന്ദ് റായ് മേത്ത കമ്മിറ്റി
(B) പി.കെ. തുംഗൺ കമ്മിറ്റി
(C) ജി.വി. റാവു കമ്മിറ്റി
(D) അശോക് മേത്ത കമ്മിറ്റി

24. ആർട്ടിക്കിൾ 19 (സ്വാതന്ത്ര്യത്തിനുള്ള അവകാശം) പ്രകാരം എത്ര അവകാശങ്ങളാണ് ഉറപ്പ് നൽകിയിട്ടുള്ളത്?

(A) 5
(B) 6
(C) 10
(D) 12

25. ഒരു ഇന്ത്യൻ പൗരന് എത്ര രീതിയിലാണ് അയാളുടെ പൗരത്വം നഷ്ടപ്പെടുന്നത്?

(A) 2
(B) 3
(C) 4
(D) നഷ്ടപെടില്ല

26. 'സാമൂഹിക സുരക്ഷയും സാമൂഹിക ഇൻഷ്യുറൻസും' താഴെ തന്നിരിക്കുന്നവയിൽ ഏത് വിഷയത്തിൽ പെടുന്നു?

(A) കേന്ദ്ര ലിസ്റ്റ്
(B) സംസ്ഥാന ലിസ്റ്റ്
(C) കൺകറന്റ് ലിസ്റ്റ്
(D) അവശിഷ്ട അധികാരങ്ങൾ

27. A, B, C, D – ഇവർ നാലു പേരും സുഹൃത്തുക്കളാണ്. ഇതിൽ D മറ്റ് മൂന്നു പേരോടായി ചോദിച്ചു, ഇന്ത്യയിലെ ഇപ്പോഴത്തെ ദേശീയ മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ആരാണ്? A – രാജീവ് കുമാർ, B – ഗ്യാനേഷ് കുമാർ, C – ഡി.വൈ. ചന്ദ്രചൂഡ് എന്നിങ്ങനെ പറഞ്ഞു. ഇവർ മൂവരും Dയോട് ഇതേ ചോദ്യം ചോദിച്ചു. D – പറഞ്ഞു - സഞ്ജീവ് ഖന്ന.
ഇവരിൽ ആര് പറഞ്ഞതാണ് ശരിയുത്തരം?

(A) A പറഞ്ഞത് ശരി
(B) B പറഞ്ഞത് ശരി
(C) C പറഞ്ഞത് ശരി
(D) D പറഞ്ഞത് ശരി

28. താഴെ പറയുന്നവയിൽ ഏതൊക്കെയാണ് ഒരു മുനിസിപ്പൽ കോർപറേഷനിൽ അംഗം ആകാൻ വേണ്ടി വരുന്ന ആവശ്യയോഗ്യതകൾ?

(i) ഇന്ത്യൻ പൗരൻ ആയിരിക്കണം.
(ii) ഏറ്റവും കുറഞ്ഞത് 25 വയസ്സ് പൂർത്തിയായിരിക്കണം.
(iii) തിരഞ്ഞെടുക്കപ്പെടേണ്ട പ്രദേശത്തെ വോട്ടർ പട്ടികയിൽ പേര് ഉണ്ടായിരിക്കണം.

(A) (i), (ii) മാത്രം
(B) (i), (iii) മാത്രം
(C) (ii), (iii) മാത്രം
(D) മുകളിൽ കൊടുത്തിരിക്കുന്നവയെല്ലാം

29. താഴെ പറയുന്നവയിൽ ഏതൊക്കെയാണ് തദ്ദേശ സ്വയംഭരണ ഗവൺമെന്റുകളുമായി ബന്ധപ്പെട്ടിരിക്കുന്നത്?

(i) ബൽവന്ത്റായ് കമ്മീഷൻ

(ii) അശോക്മേത്ത കമ്മീഷൻ

(iii) തുംഗൻ കമ്മിറ്റി

(iv) സർക്കാരിയ കമ്മീഷൻ

(A) (i), (ii), (iv) മാത്രം

(B) (i), (ii), (iii) മാത്രം

(C) (ii), (iii), (iv) മാത്രം

(D) മുകളിൽ കൊടുത്തിരിക്കുന്നവയെല്ലാം

30. 2008ലെ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ ഏതൊക്കെയാണ്?

(i) നെൽവയലുകൾ നികത്തുന്നത് തടയുന്നു.

(ii) തണ്ണീർത്തടങ്ങളുടെ ഉപയോഗത്തെ നിയന്ത്രിക്കുന്നു.

(iii) നിയമത്തിലെ വ്യവസ്ഥകൾ അനുസരിക്കാത്തവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നു.

(A) (i), (ii) മാത്രം

(B) (i), (iii) മാത്രം

(C) (ii), (iii) മാത്രം

(D) മുകളിൽ കൊടുത്തിരിക്കുന്നവയെല്ലാം

31. രാഷ്ട്രീയ വയോശ്രീ യോജന പദ്ധതി താഴെ പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

(i) വയോജനങ്ങൾക്ക് വാർദ്ധക്യ പെൻഷൻ നൽകുന്നത് സംബന്ധിച്ച്

(ii) വാർദ്ധക്യ സഹജമായ വൈകല്യങ്ങൾ അനുഭവിക്കുന്ന മുതിർന്ന പൗരന്മാർക്ക് സഹായകമായ ജീവിത ഉപകരണങ്ങൾ നൽകുന്നത് സംബന്ധിച്ച്

(iii) ഓരോ ജില്ലയിലും വൃദ്ധസദനങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

(A) (i) മാത്രം

(B) (ii) മാത്രം

(C) (iii) മാത്രം

(D) മുകളിൽ കൊടുത്തിരിക്കുന്നവയെല്ലാം

32. മനുഷ്യശരീരത്തിലെ ഏത് അവയവമാണ് 'പേയ്സ്മേക്കർ' (Pacemaker) എന്നറിയപ്പെടുന്നത്?

(A) സൈനോ ഏട്രിയൽ നോഡ് (SA Node)

(B) വൃക്ക

(C) തലച്ചോറ്

(D) പാൻക്രിയാസ്

33. സൂര്യപ്രകാശത്തിൽ നിന്നും ശരീരത്തിൽ സ്വയം നിർമ്മിക്കപ്പെടുന്ന ജീവകം ഏതാണ്?

(A) വിറ്റാമിൻ സി

(B) വിറ്റാമിൻ കെ

(C) വിറ്റാമിൻ ഡി

(D) വിറ്റാമിൻ ഇ

34. പ്രകൃതിയിലെ സൂക്ഷ്മാണുക്കൾ (Micro organisms) ജൈവവസ്തുക്കളെ വിഘടിപ്പിച്ച് മണ്ണിൽ ലയിക്കുന്ന പോഷകങ്ങൾ രൂപപ്പെടുത്തുന്ന പ്രക്രിയയ്ക്ക് പറയുന്ന പേരെന്താണ്?

(A) പ്രകാശസംശ്ലേഷണം (Photosynthesis)

(B) വിഘടനം (Decomposition)

(C) ഓക്സീകരണം (Oxidation)

(D) ബാഷ്പീകരണം (Evaporation)

35. 'ഡോട്സ്' (DOTS - Directly Observed Treatment Short-course) എന്ന ചികിത്സാ രീതി ഏത് രോഗവുമായി ബന്ധപ്പെട്ടതാണ്?

(A) എയ്ഡ്സ് (AIDS)

(B) പോളിയോ

(C) ഹെപ്പറ്റൈറ്റിസ് ബി

(D) ക്ഷയരോഗം (Tuberculosis - TB)

36. കേരളത്തിൽ 30 വയസ്സിന് മുകളിലുള്ളവരുടെ ജീവിതശൈലീ രോഗങ്ങൾ സ്ക്രീൻ ചെയ്യുന്നതിനായി ആശാ പ്രവർത്തകർ ഉപയോഗിക്കുന്ന ആപ്ലിക്കേഷൻ ഏതാണ്?

(A) നിരാമയ

(B) സമ്പൂർണ്ണ

(C) ശൈലി (SHAILI)

(D) ഇ-ഹെൽത്ത്

37. ഒരു വ്യക്തിയുടെ രോഗപ്രതിരോധശേഷിയെ (Immune System) നേരിട്ട് തകർക്കുകയും, സെൽ മീഡിയേറ്റഡ് ഇമ്മ്യൂണിറ്റിയെ (Cell-mediated immunity) ബാധിക്കുകയും ചെയ്യുന്ന വൈറസ് ഏതാണ്?

(A) ചിക്കൻപോക്സ് വൈറസ്

(B) എച്ച്.ഐ.വി. (HIV)

(C) പോളിയോ വൈറസ്

(D) റൈനോവൈറസ് (Rhinovirus)

38. പ്രവർത്തനവും പ്രതിപ്രവർത്തനവും തമ്മിലുള്ള ബന്ധം :
   (A) രണ്ടും ഒരേ ദിശയിൽ
   (B) രണ്ടും എതിർ ദിശയിൽ
   (C) പ്രവർത്തനം വലിയതും പ്രതിപ്രവർത്തനം ചെറിയതും
   (D) പ്രവർത്തനം ചെറിയതും പ്രതിപ്രവർത്തനം വലിയതും

39. ഫോട്ടോ ഇലക്ട്രിക് ഇഫക്റ്റിൽ പ്രകാശത്തിന്റെ തീവ്രത വർദ്ധിക്കുമ്പോൾ :
   (A) ഉത്സർജ്ജിക്കപ്പെടുന്ന ഇലക്ട്രോണുകളുടെ ഗതികോർജ്ജം കൂടും
   (B) ഉത്സർജ്ജിക്കപ്പെടുന്ന ഇലക്ട്രോണുകളുടെ എണ്ണം കൂടും
   (C) ഉത്സർജ്ജിക്കപ്പെടുന്ന ഇലക്ട്രോണുകളുടെ എണ്ണം കുറയും
   (D) ഇലക്ട്രോണുകൾ നിശ്ചലമാകും

40. ഭൂമിയുടെ ഉപരിതലത്തിൽ നിശ്ചലാവസ്തയിൽ ഇരിക്കുന്ന 10 Kg പിണ്ഡം ഉള്ള ഒരു വസ്തുവിന്റെ ഭാരം എത്രയാണ്? ($g = 10\ m/s^2$)
   (A) 10 N
   (B) 1000 N
   (C) 100 N
   (D) 1 N

41. 2025ൽ ജോൺ ക്ലാർക്ക്, മൈക്കൽ ഡെവോറെട്ട്, ജോൺ മാർട്ടിനിസ് എന്നിവർ നേടിയത് ഏതു പുരസ്ക്കാരം?
   (A) ഫീൽഡ്സ് മെഡൽ
   (B) ടെറ്റ്മാൻ അവാർഡ്
   (C) ബ്രേക്ക്ത്രൂ പ്രൈസ്
   (D) നോബൽ സമ്മാനം ഭൗതിക ശാസ്ത്രത്തിൽ

42. ഹൈഡ്രജൻ ആറ്റത്തിന്റെ ഐസോടോപ്പുകളിൽ ഭൂമിയിൽ വളരെ കുറഞ്ഞ അളവിൽ കാണപ്പെടുന്നത് :
   (A) പ്രോട്ടിയം
   (B) ഡ്യുറ്റീരിയം, ട്രിഷ്യം
   (C) ട്രിഷ്യം
   (D) പ്രോട്ടിയം, ഡ്യുറ്റീരിയം

43. 'താപനില സ്ഥിരമായിരിക്കുമ്പോൾ ഒരു നിശ്ചിത അളവ് വാതകത്തിന്റെ മർദ്ദം വ്യാപ്തത്തിന് വിപരീതാനുപാതത്തിലായിരിക്കും'. ഈ പ്രസ്താവന ഏത് വാതക നിയമവുമായി ബന്ധപ്പെട്ടതാണ്?
   (A) ബോയിൽ നിയമം
   (B) ചാർസ് നിയമം
   (C) അവഗാഡ്രോ നിയമം
   (D) ഗേ ലൂസാക് നിയമം

44. ചുവടെ കൊടുത്തിരിക്കുന്ന ലവണങ്ങളിൽ ഏതിന്റെ ലവണ ലായനിയുടെ pH മൂല്യമാണ് 7-നെക്കാൾ കുറവ്?
   (A) $CH_3COONa$
   (B) $NH_4Cl$
   (C) $CH_3COONH_4$
   (D) $NaCl$

45. 2025-ലെ രസതന്ത്ര നോബൽ സമ്മാനം ഏതിന്റെ കണ്ടുപിടിത്തത്തിനാണ് നൽകപ്പെട്ടത്?
   (A) നോൺ മെറ്റൽ - ഓർഗാനിക് ഫ്രെയിംവർക്ക്
   (B) മെറ്റാലിക് സംയുക്തം
   (C) മെറ്റൽ - ഓർഗാനിക് ഫ്രെയിംവർക്ക്
   (D) ഓർഗാനിക് സംയുക്തം

46. “വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ
കുങ്കുമത്തിന്റെ ഗന്ധമറിയാതെ
കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം”
- ഈ വരികൾ ആരുടേതാണ്?
   (A) തുഞ്ചത്തെഴുത്തച്ഛൻ
   (B) കുമാരനാശാൻ
   (C) പൂന്താനം നമ്പൂതിരി
   (D) ചങ്ങമ്പുഴ കൃഷ്ണപിള്ള

47. കേരളത്തിലെ മികച്ച കായികതാരത്തിനുള്ള 37-ആം ജിമ്മി ജോർജ്ജ് ഫൗണ്ടേഷൻ പുരസ്കാരത്തിന് അർഹനായ; അർജുന അവാർഡ് ജേതാവ് കൂടിയായ കായികതാരം ആരാണ്?
   (A) ഐ.എം. വിജയൻ
   (B) കെ.എം. ബീനാമോൾ
   (C) എം.ഡി. വത്സമ്മ
   (D) എൽദോസ് പോൾ

48. കേരള ഫോക്ലോർ അക്കാദമിയുടെ ആസ്ഥാനം?
   (A) ചിറയ്ക്കൽ, കണ്ണൂർ
   (B) നളന്ദ, തിരുവനന്തപുരം
   (C) ചെറുതുരുത്തി, തൃശൂർ
   (D) തിരൂർ, മലപ്പുറം

49. “തപ്പുകൊട്ടി മേളമൊരുക്കി; താളവടിവിൽ താവടിതുള്ളി; പുലവൃത്തമാടി; വിനോദ ഭാഷണങ്ങളിലൂടെ പൊട്ടിച്ചിരി വിടർത്തി; അടവി തുള്ളി; കോലം തുള്ളലിലേയ്ക്ക്... കവുങ്ങിൻ പാളയിലാണ് കോലങ്ങൾ.”
- ഏത് അനുഷ്ഠാനകലാരൂപത്തെക്കുറിച്ചുള്ളതാണ് ഈ വിവരണങ്ങൾ?
   (A) തിറയാട്ടം
   (B) പടയണി
   (C) കളമെഴുത്തും പാട്ടും
   (D) മുടിയേറ്റ്

50. മലയാളത്തിലെ പ്രശസ്തരായ ചില ആട്ടക്കഥാകൃത്തുക്കളേയും അവരുടെ ആട്ടക്കഥകളേയും ചുവടെകൊടുക്കുന്നു. ഇവയിൽ ശരിയായി ചേർത്തെഴുതിയിട്ടുള്ളത് ഏതൊക്കെയാണ്?
   (i) ഇരയിമ്മൻ തമ്പി - അംബരീഷ ചരിതം
   (ii) അശ്വതി തിരുനാൾ - ഉത്തരാ സ്വയംവരം
   (iii) കോട്ടയത്തുതമ്പുരാൻ - കല്യാണ സൗഗന്ധികം
   (iv) ഉണ്ണായിവാര്യർ - നളചരിതം

   (A) (i), (ii)
   (B) (ii), (iii)
   (C) (iii), (iv)
   (D) (i), (iv)

51. ലഘൂകരിക്കുക : $36+9\times\frac{2}{3}-5^2$

(A) 18 (B) 19
(C) 17 (D) 16

52. P, Qയെക്കാൾ അഞ്ച് മടങ്ങ് കൂടുതലാണെങ്കിൽ, Q, Pയെക്കാൾ എത്ര ശതമാനം ചെറുതാണ്?

(A) 80% (B) 75%
(C) 70% (D) 85%

53. A, B എന്നിവ 4:5 എന്ന അനുപാതത്തിലും B, C എന്നിവ 20:30 എന്ന അനുപാതത്തിലുമാണെങ്കിൽ A, C എന്നിവ ഏത് അനുപാതത്തിലായിരിക്കും?

(A) 4:13 (B) 9:15
(C) 8:13 (D) 8:15

54. രാമു 36 സെക്കൻഡിൽ 400 മീറ്റർ ഓടുന്നു. അവന്റെ വേഗത മണിക്കൂറിൽ എത്ര കിലോമീറ്ററാണ്?

(A) 40 Km/hr (B) 35 Km/hr
(C) 45 Km/hr (D) 50 Km/hr

55. ലഘൂകരിക്കുക:- $(8)^{\frac{2}{3}}\times(27)^{\frac{2}{3}}$

(A) 32 (B) 36
(C) 30 (D) 40

56. തന്നിരിക്കുന്ന അനുപാതത്തിൽ നിന്ന് ചോദ്യ ചിഹ്നത്തിന് പകരം വരുന്ന സംഖ്യ ഏത്?

289 : 20 ; 625 : ?

(A) 26 (B) 27
(C) 29 (D) 28

57. ഇന്ന് തിങ്കളാഴ്ചയാണെങ്കിൽ ഇന്നേയ്ക്ക് 65-ആം ദിവസം ഏത് ആയിരിക്കും?

(A) ബുധൻ (B) ശനി
(C) ചൊവ്വ (D) വ്യാഴം

58. വാച്ചിലെ മണിക്കൂർ സൂചി 7 മണി മുതൽ 10 മണി വരെ കറങ്ങുമ്പോൾ ഉണ്ടാക്കുന്ന കോൺ എത്ര ഡിഗ്രി ആയിരിക്കും?

(A) 180° (B) 90°
(C) 75° (D) 100°

59. അടുത്ത സംഖ്യ ഏത്?

6, 12, 36, 144, _____

(A) 720 (B) 1152
(C) 288 (D) 576

60. താഴെ തന്നിരിക്കുന്ന സംഖ്യകളിൽ വേറിട്ടത് ഏത്?

(A) 125 (B) 729
(C) 343 (D) 123

61. Choose the appropriate meaning of the idiom, "blue blood" :

(A) something impossible
(B) weak person
(C) an aristocrat
(D) a funny object

62. If I had known you were in hospital, I ________ you.

(A) would visit
(B) would visited
(C) would have visited
(D) would have visit

63. Find out the correct answer.

This is an achievement ________ I am proud.

(A) which
(B) who
(C) whose
(D) of which

64. Report the following sentence.

"Don't touch me", he said to her.

(A) He asked her whether he touch him.
(B) He asked her whether he touched him.
(C) He told her not to touch him.
(D) He told her don't touch me.

65. The thunder gradually ________, and its rumbling is heard far away beyond the village.

(A) abate
(B) abates
(C) rotund
(D) rotunds

66. Identify the antonym of the underlined word.

The company made an enormous profit last year.

(A) massive
(B) colossal
(C) immense
(D) diminutive

67. Identify the affirmative sentence.

(A) There is hardly anything good in the fridge.
(B) There are few snakes in the garden.
(C) The boys do daring tasks.
(D) He had scarcely enough money.

68. Nobody knows the answer, ________?

(A) do they?
(B) does they?
(C) don't they?
(D) shall we?

69. Choose the correct word.

(A) Simultaneus
(B) Simultaneous
(C) Symultaneus
(D) Symultaneous

70. A person who studies stars and the universe.

(A) astronomer
(B) astronaut
(C) astrologist
(D) astronogist

71. ശരിയായ പദം ഏത്?

(A) വൃഷ്ഠി
(B) വ്രഷ്ടി
(C) വ്രഷ്ഠി
(D) വൃഷ്ടി

72. 'സംവൃതം' എന്ന പദത്തിന്റെ വിപരീതം ഏത്?

(A) അസംവൃതം
(B) വിവൃതം
(C) അവൃതം
(D) സുവൃതം

73. താഴെ പറയുന്നവയിൽ തെറ്റായ സ്ത്രീലിംഗ-പുല്ലിംഗ ജോഡി ഏത്?

(A) വിദ്വാൻ-വിദുഷി
(B) പത്നി-പതി
(C) ലേഖകൻ-ലേഖക
(D) മകൻ-മകൾ

74. 'ഒഴിച്ചുകൂടാനാവാത്തത്' ഒറ്റപ്പദം ഏത്?

(A) അത്യാവശ്യം
(B) അനിഷേധ്യം
(C) അത്യന്താപേക്ഷിതം
(D) അനിവാര്യം

75. ചേർത്തെഴുതുക 'അ + ആൾ' :

(A) ആയാൾ
(B) അയാൾ
(C) അവൾ
(D) ഇവയൊന്നുമല്ല

76. താഴെ പറയുന്നവയിൽ അലിംഗ ബഹുവചനം അല്ലാത്തത് ഏത്?

(A) പണിക്കർ
(B) മക്കൾ
(C) ഭാരതീയർ
(D) ആൺമക്കൾ

77. 'ശരീരം' എന്ന വാക്കിന്റെ ശരിയായ പര്യായപദങ്ങൾ ഉൾക്കൊള്ളുന്ന ജോഡി ഏതാണ്?

(i) ഗാത്രം, മേനി
(ii) കായം, വപുസ്സ്
(iii) ആകൃതി, രൂപം

(A) (i) ഉം (iii) ഉം ശരി
(B) എല്ലാം ശരി
(C) (i) ഉം (ii) ഉം ശരി
(D) ഇവയൊന്നുമല്ല

78. 'ചക്രശ്വാസം വലിക്കുക' എന്ന ശൈലിയുടെ അർത്ഥം എന്ത്?

(A) ശ്വാസം നിലയ്ക്കുക
(B) അത്യധികം വിഷമിക്കുക
(C) ചക്രം ചവിട്ടുക
(D) ഇവയൊന്നുമല്ല

79. പിരിച്ചെഴുതുക 'അത്യന്തം' :

(A) അത്യ + അന്തം
(B) അത്യ + ന്തം
(C) അതി + അന്തം
(D) അതി + യന്തം

80. 'Preamble' ശരിയായ മലയാള പരിഭാഷ ഏത്?

(A) മുൻഗണന
(B) ആമുഖം
(C) ഉത്തരവ്
(D) ശീർഷകം

81. കേരളത്തിൽ അവസാനമായി വധശിക്ഷ നടപ്പിലാക്കിയ വർഷം :

(A) 1989 (B) 1991

(C) 1994 (D) 1997

82. കേരള സംസ്ഥാനം രൂപീകൃതമായതിന് ശേഷം ആരംഭിച്ച സെൻട്രൽ ജയിൽ ഏത് ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്?

(A) കണ്ണൂർ (B) തിരുവനന്തപുരം

(C) തൃശ്ശൂർ (D) മലപ്പുറം

83. കേരളത്തിൽ നിലവിൽ പുരുഷ തടവുകാർക്കായി എത്ര തുറന്ന ജയിലുകൾ ഉണ്ട്?

(A) 4 (B) 3

(C) 2 (D) 1

84. തടവ് ശിക്ഷ വിധിച്ച ഒരു തടവുകാരനെ ജില്ലാ ജയിലിൽ എത്ര കാലം പാർപ്പിക്കാവുന്നതാണ്?

(A) 03 മാസം (B) 01 വർഷം

(C) 06 മാസം (D) 02 വർഷം

85. നിലവിലെ ജയിൽ വകുപ്പ് മേധാവി :

(A) ബൽറാം കുമാർ ഉപാധ്യായ

(B) ഷേയ്ക്ക് ദർവേഷ് സാഹിബ്

(C) അജിത് കുമാർ എം. ആർ

(D) എച്ച്. വെങ്കിടേഷ്

86. താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്താവന ഏതാണ്?

(A) മനുഷ്യാവകാശങ്ങൾ സർക്കാർ അനുവദിച്ചവയാണ്

(B) മനുഷ്യാവകാശങ്ങൾ ഭരണഘടനയും അന്താരാഷ്ട്ര ഉടമ്പടികളും ഉറപ്പുനൽകുന്നവയാണ്

(C) മനുഷ്യാവകാശങ്ങൾ സംസ്ഥാന നിയമസഭ നിർണ്ണയിക്കുന്നു

(D) മനുഷ്യാവകാശങ്ങൾ നിയമപരമായല്ല, ധാർമ്മികമായവ മാത്രമാണ്

87. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ രൂപീകൃതമായത് ഏത് നിയമപ്രകാരം ആണ്?

(A) ഭരണ ഘടനയുടെ അടിസ്ഥാന തത്വങ്ങൾ
(B) ഭരണ ഘടനയുടെ നിർദ്ദേശക തത്വങ്ങൾ
(C) മനുഷ്യാവകാശ സംരക്ഷണ നിയമം
(D) അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം

88. താഴെപ്പറയുന്നവയിൽ ഏതാണ് മനുഷ്യാവകാശങ്ങളുടെ നിർവചനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നത്?

(A) വ്യക്തിയുടെ ജീവിതം, സ്വാതന്ത്ര്യം, സമത്വം, അന്തസ്സ്
(B) വോട്ടവകാശം, നികുതി, തൊഴിൽ
(C) മതപരമായ അവകാശങ്ങൾ
(D) സാമ്പത്തിക സാമൂഹ്യ അവകാശങ്ങൾ

89. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി എത്ര വർഷം ആണ്?

(A) അഞ്ച് വർഷം അല്ലെങ്കിൽ എഴുപത് വയസ്സ് തികയുന്നത് വരെ
(B) മൂന്ന് വർഷം അല്ലെങ്കിൽ എഴുപത് വയസ്സ് തികയുന്നത് വരെ
(C) നാല് വർഷം അല്ലെങ്കിൽ അറുപത്തഞ്ച് വയസ്സ് തികയുന്നത് വരെ
(D) അഞ്ച് വർഷം അല്ലെങ്കിൽ അറുപത് വയസ്സ് തികയുന്നത് വരെ

90. ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗത്തെ കമ്മീഷനിൽ നിന്ന് പുറത്താക്കാൻ അനുവദിക്കുന്നത് എപ്പോഴൊക്കെ ആണ്?

(A) കമ്മീഷൻ അംഗം പാപ്പരായി പ്രഖ്യാപിക്കപ്പെടുന്നു; ആ കാലയളവിൽ പുറത്തുനിന്നുള്ള ശമ്പളമുള്ള ജോലിയിൽ ഏർപ്പെടുന്നു;
(B) അംഗം മാനസികമോ ശാരീരികമോ ആയ ബലഹീനത കാരണം അയോഗ്യനായി കണക്കാക്കപ്പെടുന്നു; അംഗത്തിന്റെ മാനസികാവസ്ഥ മോശമാണെങ്കിൽ, ഒരു യോഗ്യതയുള്ള കോടതി അങ്ങനെ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ; അല്ലെങ്കിൽ;
(C) അംഗം, ധാർമ്മിക അരാജകത്വം ഉൾപ്പെടുന്ന ഒരു കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെടുന്നു എങ്കിൽ.
(D) മുകളിൽ പറഞ്ഞവയെല്ലാം ശരിയാണ്.

91. വിവരാവകാശ നിയമത്തിലെ ഏത് വകുപ്പ് വിവരങ്ങൾ വെളിപ്പെടുത്തുന്നതിൽ നിന്ന് ഇളവ് നൽകുന്നു?

(A) വകുപ്പ് 4
(B) വകുപ്പ് 6
(C) വകുപ്പ് 8(1)
(D) വകുപ്പ് 10

92. വിവരാവകാശ നിയമത്തിലെ വകുപ്പ് 8(1)(g) പ്രകാരം ഏത് വിവരങ്ങൾ വെളിപ്പെടുത്തുന്നതിൽ നിന്നാണ് ഇളവ് അനുവദിക്കുന്നത്?

(A) രാഷ്ട്രത്തിന്റെ സാമ്പത്തിക താൽപ്പര്യം സംരക്ഷിക്കാൻ
(B) വ്യക്തികളുടെ ജീവനും ശാരീരിക സുരക്ഷയും സംരക്ഷിക്കാൻ
(C) സർക്കാരിന്റെ രഹസ്യരേഖകൾ സംരക്ഷിക്കാൻ
(D) വിദേശരാജ്യങ്ങളുമായുള്ള ബന്ധം നിലനിർത്താൻ

93. ദേശീയ വിവരാവകാശ കമ്മീഷണർ നിയമനത്തിനുള്ള കമ്മിറ്റിയുടെ ചെയർമാനായിരിക്കുന്നത് ആരാണ്?

(A) രാഷ്ട്രപതി
(B) ലോക്സഭാ സ്പീക്കർ
(C) പ്രധാനമന്ത്രി
(D) പ്രതിപക്ഷ നേതാവ്

94. വിവരാവകാശ നിയമം വകുപ്പ് 9 പ്രകാരമുള്ള 'വിവരം നിരസിക്കൽ' ഏതു തരത്തിലുള്ള പകർപ്പവകാശ ലംഘനത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നത്?

(A) സ്വകാര്യ വ്യക്തിയുടെ പകർപ്പവകാശം
(B) സർക്കാർ രേഖകളുടെ പകർപ്പവകാശം
(C) സംസ്ഥാനത്തിന് പുറത്തുള്ള വ്യക്തിയുടെ പകർപ്പവകാശം
(D) പ്രസാധകരുടെ പകർപ്പവകാശം മാത്രം

95. വിവരാവകാശ നിയമം, 2005 പ്രകാരം "വിവരം" (Information) എന്നതിൽ ഉൾപ്പെടുന്നത് താഴെ പറയുന്നവയിൽ ഏതെല്ലാമാണ്?

(A) രേഖകൾ, ഇമെയിലുകൾ, സർക്കുലറുകൾ, ഓർഡറുകൾ, ലോഗ്ബുക്കുകൾ
(B) പത്രക്കുറിപ്പുകൾ, റിപ്പോർട്ടുകൾ, സാമ്പിളുകൾ
(C) ഇലക്ട്രോണിക് രൂപത്തിലുള്ള ഡാറ്റ മെറ്റീരിയൽ
(D) മേല്പറഞ്ഞവ എല്ലാം

96. “ഫൈറ്റ് ഓർ ഫ്ലൈറ്റ് റെസ്പോൺസ്” എന്നത് ഏതുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നു?

(A) അക്രമണോത്സുകത
(B) മാനസികസമ്മർദ്ദം
(C) അഭിപ്രേരണ
(D) ബുദ്ധി

97. ഫ്രോയിഡിന്റെ സിദ്ധാന്തം അനുസരിച്ചു “റിയാലിറ്റി പ്രിൻസിപ്പ്ൾ” പ്രകാരം പ്രവർത്തിക്കുന്നത് ഏതു ഘടകം ആണ്?

(A) ഇഡ്
(B) ഈഗോ
(C) സൂപ്പർ ഈഗോ
(D) ലിബിഡോ

98. ബുദ്ധി-ബഹുമുഖ സിദ്ധാന്തത്തിൽ “കൈനെസ്തറ്റിക്” എന്നത് എന്താണ്?

(A) കണക്കുകൂട്ടാനുള്ള കഴിവ്
(B) ഭാഷാ ഉപയോഗം
(C) പ്രകൃതി നിരീക്ഷണം
(D) ശാരീരിക ചലനങ്ങൾ കഴിവോടെ നിർവഹിക്കൽ

99. ഉത്കണ്ഠയെ ഏറ്റവും ശെരിയായി വിവരിക്കുന്നത് ഇതിൽ ഏതാണ്?

(A) അമിത ആനന്ദം
(B) ഭയം, സംഘർഷം, ചിന്ത
(C) ശാരീരികശക്തി
(D) ഉറക്കം

100. അഭിപ്രേരണ എന്നത് എന്തിനെക്കുറിച്ചാണ്?

(A) ഉറക്കം വർധിപ്പിക്കാൻ
(B) പ്രവർത്തിക്കാനുള്ള പ്രചോദനം
(C) രോഗനിർണയം
(D) ഓർമ്മ മായ്ച്ചു കളയൽ

SPACE FOR ROUGH WORK

SPACE FOR ROUGH WORK

**FINAL ANSWER KEY**
**Question Paper Code:005/2026 M**
**Question Paper Medium:Malayalam**
**Category Code:316/2025,360/2025**
**Name Of Post & Department:Female Assistant Prison Officer 316/2025, 360/2025**
**Date Of Test:24-Jan-2026**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | A | C | A |
| 2 | B | C | A | A |
| 3 | A | A | A | C |
| 4 | C | A | C | B |
| 5 | A | C | B | A |
| 6 | A | B | A | C |
| 7 | B | A | C | B |
| 8 | C | C | B | D |
| 9 | A | B | D | B |
| 10 | C | D | B | C |
| 11 | B | B | C | A |
| 12 | D | C | A | C |
| 13 | C | B | A | D |
| 14 | D | A | D | D |
| 15 | B | D | D | C |
| 16 | A | D | C | D |
| 17 | D | C | D | B |
| 18 | D | D | B | A |
| 19 | C | C | C | B |
| 20 | D | C | B | B |
| 21 | C | B | B | B |
| 22 | C | B | B | C |
| 23 | B | B | C | B |
| 24 | B | C | B | C |
| 25 | B | B | C | D |
| 26 | C | C | D | C |
| 27 | B | D | C | C |
| 28 | B | B | D | B |
| 29 | B | D | B | B |
| 30 | D | B | B | B |
| 31 | B | B | B | D |
| 32 | A | B | D | C |
| 33 | C | D | C | B |
| 34 | B | C | B | A |
| 35 | D | B | A | C |
| 36 | C | A | C | B |
| 37 | B | C | B | D |
| 38 | B | B | C | D |
| 39 | B | C | D | B |
| 40 | C | D | B | B |
| 41 | D | B | B | C |
| 42 | C | A | B | C |
| 43 | A | B | C | C |
| 44 | B | C | C | A |
| 45 | C | C | A | B |
| 46 | C | A | B | C |
| 47 | D | B | C | C |
| 48 | A | C | C | D |
| 49 | B | C | D | A |
| 50 | C | D | A | B |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | C | D | B | A |
| 52 | A | A | D | B |
| 53 | D | B | A | A |
| 54 | A | D | B | D |
| 55 | B | A | A | C |
| 56 | D | B | D | A |
| 57 | A | A | C | D |
| 58 | B | D | A | A |
| 59 | A | C | D | B |
| 60 | D | A | A | D |
| 61 | C | D | B | C |
| 62 | C | C | D | A |
| 63 | D | B | C | B |
| 64 | C | D | A | A |
| 65 | B | C | B | C |
| 66 | D | A | A | C |
| 67 | C | B | C | D |
| 68 | A | A | C | C |
| 69 | B | C | D | B |
| 70 | A | C | C | D |
| 71 | D | C | B | **B** |
| 72 | B | C | D | B |
| 73 | C | B | **B** | C |
| 74 | C | D | B | B |
| 75 | B | **B** | C | D |
| 76 | D | B | B | B |
| 77 | **B** | C | D | C |
| 78 | B | B | B | C |
| 79 | C | D | C | B |
| 80 | B | B | C | D |
| 81 | B | C | C | A |
| 82 | D | C | A | B |
| 83 | C | A | B | D |
| 84 | C | B | D | C |
| 85 | A | D | C | C |
| 86 | B | A | D | **A** |
| 87 | C | B | C | D |
| 88 | A | D | B | B |
| 89 | B | C | C | C |
| 90 | D | B | **A** | A |
| 91 | C | C | D | B |
| 92 | B | **A** | B | D |
| 93 | C | D | C | C |
| 94 | **A** | B | A | B |
| 95 | D | C | B | C |
| 96 | B | D | B | B |
| 97 | B | B | B | B |
| 98 | D | B | B | B |
| 99 | B | B | B | D |
| 100 | B | B | D | B |

'X' denotes deletion

Approved For Publication
Sd/-
Section officer